**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3705** **15-07-2022 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര വകുപ്പിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആശ്രിത നിയമനം സംബന്ധിച്ച് പൊതുഭരണ വകുപ്പിൽ നിലവിലുള്ള എൽ.ഡി. ക്ലർക്ക് (ആശ്രിത നിയമനം) തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 2016 ജനുവരി മുതൽ നാളിതുവരെയുള്ള കാലയളവിൽ എത്ര പേരെ ആഭ്യന്തര വകുപ്പിൽ നിയമിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ആശ്രിത നിയമനം സംബന്ധിച്ച് പൊതുഭരണ വകുപ്പിൽ നിലവിലുള്ള എൽ.ഡി. ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 2016 ജനുവരി മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പിലേയ്ക്ക് എൽ ഡി ക്ലർക്ക് തസ്തികയിൽ 6 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ശ്രീമതി രമ്യ തങ്കപ്പന് കൽപ്പറ്റ ജില്ല കോടതിയിലും ശ്രീ പി വിഷ്ണു, ശ്രീമതി അനഘാ ശശിധരൻ, ശ്രീമതി. ഗായത്രി വടാവത് എന്നിവർക്ക് കോട്ടയം സബോർഡിനേറ്റ് ജുഡീഷ്യറിയിലും ശ്രീ. സുകനേഷ് കെ, ശ്രീമതി. സരിത കെ എന്നിവർക്ക് പാലക്കാട് സബോർഡിനേറ്റ് ജുഡീഷ്യറിയിലുമാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്. |
| (ബി) | 2016 ജനുവരി മുതൽ നാളിതുവരെയുള്ള കാലയളവിൽ ആഭ്യന്തര വകുപ്പിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഈ കാലയളവിൽ പുതിയ എത്ര എൽ.ഡി ക്ലർക്ക് തസ്തികകൾ ആഭ്യന്തര വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ആഭ്യന്തര വകുപ്പിൽ 2016 ജനുവരി മുതൽ നാളിതുവരെയുള്ള കാലയളവിൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ 774 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഈ കാലയളവിൽ 92 എൽ.ഡി ക്ലർക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സബോർഡിനേറ്റ് കോടതികളിൽ 2016 ജനുവരി മുതൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ 2200 ഒഴിവുകൾ ഉണ്ടാവുകയും 799 ക്ലർക്ക്/എൽ.ഡി.ക്ലർക്ക് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ